**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **11-09-2023 - ൽ മറുപടിയ്ക്ക്**

**സുനാമി കോളനികളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള സുനാമി കോളനികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ; പ്രസ്തുത കോളനികൾ നിലവിൽ ഏതൊക്കെ വകുപ്പുകളുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സുനാമി കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം ശോചനീയാവസ്ഥയിലാണുള്ളതെന്നും പലതും ഉപയോഗയോഗ്യമല്ലാതെ ഒഴിഞ്ഞു കിടക്കുകയാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വടകര മണ്ഡലത്തിലെ ഒഞ്ചിയം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സുനാമി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്താതെ വളരെ പരിതാപകരമായ അവസ്ഥയിലാണോ; ആയത് പരിശോധിക്കുകയുണ്ടായോ; | (സി) | സുനാമി കോളനിയിലെ വീടുകൾ പരിശോധിച്ചതിൽ ചില വീടുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | സുനാമി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കൈമാറുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പ്രസ്തുത വീടുകൾ വാസയോഗ്യമാക്കി മാറ്റാൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ഡി) | സ.ഉ(സാധാ)592/2020-ഡി.എം.ഡി തീയതി 03/07/2020 പ്രകാരം എല്ലാ സുനാമി വീടുകൾ/ ഫ്ലാറ്റുകളുടെ പരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന ഫ്ലാറ്റുകൾ അനുവദിക്കുന്നതിന് അർഹരെ കണ്ടെത്തി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ജില്ലാ കളക്ടർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | എങ്കിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ സുനാമി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; ആയതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | സ.ഉ(സാധാ)592/2020-ഡി.എം.ഡി തീയതി 03/07/2020 പ്രകാരം എല്ലാ സുനാമി വീടുകൾ/ ഫ്ലാറ്റുകളുടെ പരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന ഫ്ലാറ്റുകൾ അനുവദിക്കുന്നതിന് അർഹരെ കണ്ടെത്തി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ജില്ലാ കളക്ടർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**സംസ്ഥാനത്ത് നിലവിലുള്ള സുനാമി കോളനികളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ക്രമ നം. | ജില്ല | കോളനികളുടെ എണ്ണം | നിയന്ത്രണത്തിലുള്ള വകുപ്പ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 13 | 5 എണ്ണം തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലും 8 എണ്ണം റവന്യൂ വകുപ്പിന് കീഴിലും |
| 2 | കൊല്ലം | 47 | റവന്യൂ വകുപ്പ് |
| 3 | ആലപ്പുഴ | 15 | ടി കോളനിയിൽ താമസിക്കുന്നവരുടെ വസ്തുവിന് പട്ടയം നൽകിയിട്ടുള്ളതിനാൽ ആയത് ഗുണഭോക്താക്കളുടെ കൈവശത്തിലുള്ളതും നിലവിൽ വകുപ്പുകളുടെ കൈവശത്തില്ലാത്തതുമാണ്. |
| 4 | എറണാകുളം | 80 (ഫ്ലാറ്റുകൾ) | റവന്യൂ വകുപ്പ് |
| 5 | തൃശ്ശൂർ | 14 | റവന്യൂ വകുപ്പ് |
| 6 | കോഴിക്കോട് | 168 വീടുകളും 42 ഫ്ലാറ്റുകളും | റവന്യൂ വകുപ്പ് |
| 7 | കണ്ണൂർ | 124 | റവന്യൂ വകുപ്പ് |
| 8 | കാസർഗോഡ് | 261 | പഞ്ചായത്ത് |
| 9 | മലപ്പുറം | 94 | റവന്യൂ വകുപ്പ് |